**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം: – ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – മാണിക്കൽ പഞ്ചായത്ത് – ഗ്രൂപ്പ് ഐ വിഭാഗത്തിൽ ഉൾപ്പെടുന്ന പെട്രോൾ പമ്പ് നിർമ്മാണം– ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :– Sri K.G Ajithakumar, Shyla Ajithakumar എന്നിവരുടെ 15.09.2021 ലെ അപേക്ഷ

**<u>ഉത്തരവ് നമ്പർ TCPTVM/1167/2021-D തീയതി 11/10/2021</u>**

മാണിക്കൽ ഗ്രാമപഞ്ചായത്ത് മാണിക്കൽ വില്ലേജിൽ 43/6, 43/6-1, 43/6-2 റീ സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന 17.40 ares സ്ഥലത്തു 240.00 sq.m (Office building=66 sq.m+Canopy=160 sq.m+Toilet block=14 sq.m) വിസ്തൃതിയിൽ ഗ്രൂപ്പ് ഐ വിഭാഗത്തിൽ ഉൾപ്പെടുന്ന Petrol Pump കെട്ടിടത്തിന്റെ ലേ ഔട്ട് അംഗീകാരത്തിനായി ശ്രീ . അജിതകുമാർ കെ. ജെ. & ശ്രീമതി ഷൈല അജിതകുമാർ എന്നിവർ നേരിട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി കെട്ടിടത്തിന് ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമാണം KPBR 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം /അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർദ്ദിഷ്ട ലേ – ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം . പ്രസ്തുത ലേ – ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസര വാസികൾക്ക് ദോഷമുണ്ടാകരുത്.
8. നിർമാണം KPBR 2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
9. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. KPBR ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
11. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ /സമീപ

പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കരുത്.

12. കെ.പി.ബി.ആർ 2019 ചട്ടം 76(3) പ്രകാരം വേണ്ടതായ Urban Forestry നൽകിയിരിക്കണം.
13. KPBR 2019 ചട്ടം 5(4) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി നേടിയിട്ടുണ്ട് എന്ന് ഉറപ്പ വരുത്തേണ്ടതാണ്.
14. പ്രസ്തുത fuel pump ലേക്കുള്ള വാഹന ഗതാഗതം കാരണം അപകട സാധ്യത ഉണ്ടാകാത്ത വിധത്തിൽ സൂചകങ്ങൾ ക്രമീകരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**32 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം : മേൽപ്രസ്താവിതം

സെക്രട്ടറി
മാണിക്കൽ ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)
Sri K.G.Ajitha Kumar
Gopisaradam
Pirappancode
Venjaramoodu
Thiruvananthapuram 695607